# കൊപ്ര സംഭരണം ഉടൻ

**കൊച്ചി:** നാഫെഡും മറ്റ് സംസ്ഥാനതല ഏജൻസികളും ഉടൻ കൊപ്രസംഭരണം തുടങ്ങുമെന്ന് നാളികേര വികസന ബോർഡ് ആസ്ഥാനത്ത് ചേർന്ന സംഭരണ ഏജൻസികളുടെ അടിയന്തരയോഗത്തിൽ തീരുമാനിച്ചു. ആട്ടുകൊപ്രയുടെ വില താങ്ങുവിലയിലും കുറഞ്ഞ സാഹചര്യത്തിൽ താങ്ങുവിലക്ക് കൊപ്ര സംഭരിക്കുന്നതിന് വേണ്ട നടപടികൾ ത്വരിതപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനിക്കാനാണ് യോഗം ചേർന്നത്.

## പൊതിച്ച തേങ്ങയുടെ താങ്ങുവില 1400 രൂപയാക്കി

**കൊച്ചി:** പൊതിച്ച തേങ്ങയുടെ വില ക്വിൻറലിന് 1400 രൂപയായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചു. കഴിഞ്ഞ രണ്ട് വർഷത്തെ താങ്ങുവിലയിലും 17 ശതമാനം കൂടുതലാണിത്. 2010, 2011 വർഷങ്ങളിൽ പൊതിച്ച തേങ്ങയുടെ താങ്ങുവില ക്വിൻറലിന് 1200 രൂപയായിരുന്നു.

കേന്ദ്ര സംഭരണ ഏജൻസിയായ നാഫെഡ്, മുൻ വർഷത്തെ സംസ്ഥാനതല സംഭരണ ഏജൻസികളായിരുന്ന കേരഫെഡ്, കൺസ്യൂമർഫെഡ്, മാർക്കറ്റ്ഫെഡ്, തമിഴ്നാട് സർക്കാരിൻെറ ഏജൻസിയായ ടാൻഫെഡ് എന്നിവയുടെ പ്രതിനിധികളും, സംസ്ഥാന കൃഷിവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും ചർച്ചയിൽ പങ്കെടുത്തു. നാളികേര വികസന ബോർഡ് ചെയർമാൻെറ ചുമതല വഹിക്കുന്ന എം. തോമസ് മാത്യു നയിച്ച ചർച്ചയിൽ നാഫെഡിനെ പ്രതിനിധീകരിച്ച് ബ്രാഞ്ച് മാനേജർമാരായ എൻ. ഗുരുസ്വാമി (ചെന്നൈ) രാമചന്ദ്രൻ (കൊച്ചി) ആർ.ജി. നായർ (കോഴിക്കോട്) എന്നിവരും കേരഫെഡ് ചെയർമാൻ വി.പി. ശശീന്ദ്രൻ, ഡയറക്ടർ പി.ഐ. ശിവകുമാർ, ടാൻഫെഡ് സ്പെഷൽ ഓഫീസർ കെ.ബാലസുബ്രഹ്മണ്യം, പ്രൈസസ് ബോർഡ് അഡീഷണൽ സെക്രട്ടറി ബാബു, നാളികേര വികസന ബോർഡ് ഡയറക്ടർ ഡോ. കെ. മുരളീധരൻ, ബോർഡ് സെക്രട്ടറി അനൂപ്കുമാർ നന്ദി തുടങ്ങിയവർ പങ്കെടുത്തു. യോഗത്തിൽ കൊപ്ര സംഭരണത്തിനാവശ്യമായ കർമപരിപാടികൾ ആവിഷ്കരിച്ചു. 2012ൽ കേരളത്തിലും തമിഴ്നാട്ടിലും സംഭരണം നടത്തുന്നതിന് വേണ്ട പ്രവർത്തന കലണ്ടറിന് രൂപം നൽകി കേരളത്തിലും തമിഴ്നാട്ടിലും ഒരേ സമയം സംഭരണം ആരംഭിക്കുന്നതിനും യോഗത്തിൽ തീരുമാനമായി.